'154751/2023

**<u>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ(ഇൻ ചാർജ് )</u>**

**<u>നടപടിക്രമം</u>**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ: ജോർജ് സെബാസ്റ്റ്യൻ)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് -ഒന്നാം ഗ്രേഡ് അഗ്രികൾച്ചറൽ അസിസ്റ്റന്റ്മാർക്ക് അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ (AAO) തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് കരട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/2207/2023-SE2 തീയതി 16.09.2023 ഉത്തരവ്.

2) സ.ഉ. (അച്ചടി) നം.18/2023/AGRI തീയതി 25.10.2023.

3) സർക്കാർ കത്ത് നം. AGRI/EA2/220/2023/AGRI Dated 31.10.2023.

**<u>ഉത്തരവ് നമ്പർ ADFW/2207/2023-SE2 തീയതി . 12-12-2023</u>**

കൃഷി വകുപ്പിൽ 3072 കൃഷി അസിസ്റ്റന്റമാരുടെ അംഗീകൃത തസ്തികകളാണുള്ളത് . കൃഷി അസിസ്റ്റന്റ് II, കൃഷി അസിസ്റ്റന്റ് ഗ്രേഡ് I , അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ ( A A O ) എന്നിവരുടെ അനുപാതം 5:3:2 എന്നതാണ് . ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർമാരുടെ അംഗീകൃത തസ്തികകളുടെ എണ്ണം 614 എന്ന് നിജപ്പെടുത്തിയിരിക്കുന്നു .

31.05.2023 വരെ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർമാരുടെ തസ്തികയിലുണ്ടായ ഒഴിവുകൾ മേൽ പരാമർശം 1 പ്രകാരമുള്ള ഉത്തരവ് പ്രകാരം നികത്തികൊണ്ട് ഉത്തരവായിട്ടുണ്ട്. ആയതിനുശേഷമുള്ള കൃഷി ഫീൽഡ് ഓഫീസർ പ്രൊമോഷൻ മുഖേനയും, അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെ വിരമിക്കൽ മുഖേനയും 30.11.2023 വരെ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ ( A A O ) തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് കൃഷി അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ ജോലി നോക്കുന്നവരിൽ സീനിയർ ആയിട്ടുള്ളവർക്ക് ഈ ഉത്തരവിനൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടികയിൽ പറയും പ്രകാരം താൽക്കാലികമായി റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് നൽകിയ തീയതി മുതൽ 43400-1100-47800-1200-52600-1300-56500-1400-60700-1500-65200-1600-70000-18000-79000-2000-89000-2200-91200 ശമ്പള സ്കെയിലിൽ അനുവദിച്ചുകൊണ്ടും ടി ജീവനക്കാർക്ക് ജി.ഒ. (പി) 515/07/ഫിൻ തീയതി 19.10.2007, സർക്കാർ സർക്കുലർ നം. 5/10/ഫിൻ തീയതി 14.01.2010 എന്നിവ പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് പരാമർശം (2) (3) ഉത്തരവുകൾ/നിർദ്ദേശങ്ങൾക്ക് വിധേയമായി അർഹത ഉണ്ടായിരിക്കുന്നതാണ്.

ഈ ഉത്തരവിന്മേൽ എന്തെങ്കിലും ആക്ഷേപം/പരാതി ഉള്ള പക്ഷം ഈ ഉത്തരവ് തീയതി മുതൽ മൂന്ന് ദിവസത്തിനകം ബന്ധപ്പെട്ട രേഖകൾ സഹിതം മേലധികാരി മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൃഷി അസിസ്റ്റന്റിന്റെ P S C റാങ്ക് ലിസ്റ്റ് 22.12.2023 കാലാവധി പൂർത്തിയാകുകയാണ്. അതിനാൽ അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകേണ്ടതിനാൽ പരാതി/ആക്ഷേപം മൂന്നു ദിവസത്തിനകം സമർപ്പിച്ചിട്ടില്ല എങ്കിൽ ടി തീയതിക്കുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. താൽക്കാലിക ഉത്തരവ് പരാതികൾ

ഉണ്ടെങ്കിൽ പരിഹരിച്ച് അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രമേ നിയന്ത്രണ ഉദ്യോഗസ്ഥർ, റേഷ്യോ പ്രമോഷൻ ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം പുനഃക്രമീകരിച്ച് നൽകുവാനും ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ വരുത്തുവാനും പാടുള്ളൂ.2023 പൊതുസ്ഥലംമാറ്റം അന്തിമമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രൊമോഷൻ പൊതുസ്ഥലംമാറ്റത്തിന് വിധേയമായിരിക്കും.

താൽക്കാലിക ഉത്തരവിൽ പേര് ചേർത്തിട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഉത്തരവിന്റെ പകർപ്പ് കിട്ടി എന്നുള്ള വിവരം എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും ഉറപ്പാക്കേണ്ടതാണ്. ഈ ഉത്തരവിന്റെ പകർപ്പ് കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.gov.in ൽ പ്രസിദ്ധീകരിക്കുന്നു.

Sd/-
GEORGE SEBASTIAN
ADDITIONAL DIRECTOR OF AGRICULTURE(PLG)
ഡയറക്ടർ ഇൻ ചാർജ്

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2) ഐ.റ്റി.സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33